പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2862 **29-10-2026-ൽ മറുപടിയ്ക്ക്**

പെരിന്തൽമണ്ണ ടൗണിലെ ജംഗ്ഷനുകളുടെ നവീകരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. നജീബ് കാന്തപുരം	ശ്രീ. പി. കെ. ബഷീർ (പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) പെരിന്തൽമണ്ണ ടൗണിലെ പ്രധാന ജംഗ്ഷനുകളുടെ നവീകരണം, റൗണ്ട് എബൗട്ടുകൾ, ട്രാഫിക് സിഗ്നൽ അപ്ഗ്രേഡേഷൻ എന്നിവ നടപ്പിലാക്കാൻ പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പെരിന്തൽമണ്ണ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പ്രവൃത്തി കിഫ്ബി ധനസഹായത്തോടെ കെ.ആർ.എഫ്.ബി-പി.എം.യു മുഖേന നടപ്പിലാക്കുന്ന പ്രവൃത്തിയാണ്. കേരളത്തിലെ 20 ജംഗ്ഷനുകളുടെ വികസനത്തിനായി 05.11.2022 -ലെ G.O (Rt) No. 1069/2022/PWD പ്രകാരം 200 കോടി രൂപയ്ക്ക് തത്ത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ച് പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കോഴിക്കോട് പാലക്കാട് ദേശീയപാതയും (NH 966), പെരുമ്പിലാവ് നിലമ്പൂർ സംസ്ഥാനപാതയും (SH 39) സംഗമിക്കുന്ന പെരിന്തൽമണ്ണ ജംഗ്ഷൻ വികസനത്തിന്റെ ആദ്യഘട്ടമായി ഭൂമിയേറ്റെടുക്കലിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി കിഫ്ബി 27.11.2024-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 57.78 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന് 10.02.2026-ലെ GO (Rt) No. 195/2026/PWD പ്രകാരം ഭൂമിയേറ്റെടുക്കലിന് 58 കോടി രൂപയും നിർമ്മാണ പ്രവൃത്തികൾക്കായി 4.53 കോടി രൂപയും ഉൾപ്പടുത്തി പുതുക്കിയ ഭരണാനുമതിയും പുറപ്പെടുവിച്ചിട്ടുണ്ട്.

ടി പ്രവൃത്തിയുടെ ഡി പി ആർ ഡിസൈൻ വിഭാഗം 07.08.2023 ന് പ്രോജക്ട് ഡയറക്ടർ കെ ആർ എഫ് ബി-ക്ക് സമർപ്പിച്ചിരുന്നു. തുടർന്ന്, കിഫ്ബി യുടെ technical ഒബ്സർവേഷൻ നോട്ടിൽ നിർദ്ദേശിച്ചിരിക്കുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച കരട് അലൈൻമെൻറ് ഡ്രായിംഗ്, ഭൂമി ഏറ്റെടുക്കൽ ഡ്രോയിംഗ്, വെർട്ടിക്കൽ പ്രൊഫൈൽ ഡ്രോയിംഗ് എന്നിവയുടെ സാധ്യത പരിശോധിക്കുന്നതിനായി ഡിസൈൻ വിഭാഗം 18.12.2025-ന് പ്രോജക്ട് ഡയറക്ടർക്ക് വീണ്ടും സമർപ്പിച്ചു. പ്രോജക്ട് ഡയറക്ടർ കെ ആർ എഫ് ബി യുടെ കരട് അലൈൻമെൻറിന്റെ സാധ്യതാ റിപ്പോർട്ട് 24.02.2026-ന് ലഭിച്ചതിനെ തുടർന്ന് ടി പ്രവൃത്തിയുടെ ഡി പി ആർ അന്തിമഘട്ടത്തിലാണ്.

(ബി) പെരിന്തൽമണ്ണ ടൗണിലെ പ്രധാന ജംഗ്ഷനുകളുടെ നവീകരണത്തിനായി കിഫ്ബി വഴിയോ കെ.ആർ.എഫ്.ബി. വഴിയോ അല്ലാതെയോ വകയിരുത്തിയ തുകയും പദ്ധതിയുടെ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പെരിന്തൽമണ്ണ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പ്രവൃത്തി കിഫ്ബി ധനസഹായത്തോടെ കെ.ആർ.എഫ്.ബി-പി.എം.യു മുഖേന നടപ്പിലാക്കുന്ന പ്രവൃത്തിയാണ്. കേരളത്തിലെ 20 ജംഗ്ഷനുകളുടെ വികസനത്തിനായി 05.11.2022 -ലെ G.O (Rt) No. 1069/2022/PWD പ്രകാരം 200 കോടി രൂപയ്ക്ക് തത്ത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ച് പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കോഴിക്കോട് പാലക്കാട് ദേശീയപാതയും (NH 966), പെരുമ്പിലാവ് നിലമ്പൂർ സംസ്ഥാനപാതയും (SH 39) സംഗമിക്കുന്ന പെരിന്തൽമണ്ണ ജംഗ്ഷൻ വികസനത്തിന്റെ ആദ്യഘട്ടമായി ഭൂമിയേറ്റെടുക്കലിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി കിഫ്ബി 27.11.2024-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 57.78 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന് 10.02.2026-ലെ GO (Rt) No. 195/2026/PWD പ്രകാരം ഭൂമിയേറ്റെടുക്കലിന് 58 കോടി രൂപയും നിർമ്മാണ പ്രവൃത്തികൾക്കായി 4.53 കോടി രൂപയും ഉൾപ്പടുത്തി പുതുക്കിയ ഭരണാനുമതിയും പുറപ്പെടുവിച്ചിട്ടുണ്ട്.

ടി പ്രവൃത്തിയുടെ ഡി പി ആർ ഡിസൈൻ വിഭാഗം 07.08.2023 ന് പ്രോജക്ട് ഡയറക്ടർ കെ ആർ എഫ് ബി-ക്ക് സമർപ്പിച്ചിരുന്നു. തുടർന്ന്, കിഫ്ബി യുടെ technical ഒബ്സർവേഷൻ നോട്ടിൽ നിർദ്ദേശിച്ചിരിക്കുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച കരട് അലൈൻമെൻറ് ഡ്രായിംഗ്, ഭൂമി ഏറ്റെടുക്കൽ ഡ്രോയിംഗ്, വെർട്ടിക്കൽ പ്രൊഫൈൽ ഡ്രോയിംഗ് എന്നിവയുടെ സാധ്യത പരിശോധിക്കുന്നതിനായി ഡിസൈൻ വിഭാഗം 18.12.2025-ന് പ്രോജക്ട് ഡയറക്ടർക്ക് വീണ്ടും സമർപ്പിച്ചു. പ്രോജക്ട് ഡയറക്ടർ കെ ആർ എഫ് ബി യുടെ കരട് അലൈൻമെന്റിന്റെ സാധ്യതാ റിപ്പോർട്ട് 24.02.2026-ന് ലഭിച്ചതിനെ തുടർന്ന് ടി പ്രവൃത്തിയുടെ ഡി പി ആർ അന്തിമഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ